ICAR-CENTRAL PLANTATION CROPS RESEARCH INSTITUTE

(Indian Council of Agricultural Research)
Kasaragod, Kudlu-671 124, Kerala
www.cpcri.gov.in Tel: 04994 232893/94/95

MERA GAON MERA GAURAV-SUCCESS STORIES OF KAYAMKULAM 2018-19

I) Inclusive coconut farming by Smt Aisha Bai, Cherthala

Technological Interventions

Coconut cultivation in 1 ha was integrated with short duration climate-smart intercrops such as tuber crops, ginger and turmeric in synergy with Tilapia fish-farming in about 15 cents. Twenty Kalpasankara coconut hybrids, tolerant to root (wilt) disease supplied by ICAR-CPCRI, Regional Station, Kayamkulam were introduced in the farm during 2017. She was empowered on farm level production of bio-inputs like *Trichoderma* –coir pith cake and *Trichoderma* enriched bio-suppressive compost with ideal organic substrate combinations.

Outcome

- Participatory farming using *Trichoderma* enriched bio-suppressive compost resulted in doubling of yield and 100% control of wilt disease in chillies. These plants could also withstand mild water logging as well.
- Scientific recycling of organic wastes of crops, poultry and cattle resulted in low external input usage, thereby enabling improved soil health and income enhancement.
- With an investment of Rs.30000/- in fishery component, the farmer could derive a profit of Rs. 1,20,000/- in a period of ten months.
- Right use of inputs in organic farming resulted in the reduction of pests and diseases and doubled farmer's income.

Scientists associated: Dr S. Kalavathi, Dr. Regi J. Thomas, Dr. Merin Babu Dr. K.M. Anes

II) Turning women farmers into entrepreneurs

Technological interventions

Women farmers in Kandaloor were sensitized on the scope of entrepreneurship using value addition of Jack fruits. Mostly discarded in farms, this multi-vitamin rich organic fruit was converted into several mouth smacking products with the help of SMS from KVK-Alappuzha for better utilization of the Jack fruit and generate profit from sale of these products at strategic points. In addition these farmers were empowered on the production of virgin coconut oil.

Outcome

- A farm waste commodity could turn as a livelihood provider; *Uniappam, halwa* and *squash* from Jack are hot cakes in the Panchayat
- Good revenue could be derived and confidence level of women folks in the region boosted up
- Farming has now turned them to become entrepreneurs and become more respectful in the society
- Promotion of Jack as the state fruit added more value into the venture.

Scientists Associated: Dr. Chandrika Mohan, Dr. K. Nihad, Dr. Dalyamol, Dr. A. Abdul Haris, Dr. Jeena Mathew

III) *Amma thengu* into *Kera nanma* programme in Bharanikavau

Technological interventions

Selection of healthy mother palms by farmers in the locality with the help of ICAR-CPCRI scientists for decentralised coconut seedling production programme to cater the demand of good quality seedling. Farmers are motivated to involve themselves in community mode to select healthy mother palms, collect seed nuts and scientifically raise nursery.

Outcome

- Farmer-participatory community level decentralized coconut seedling production mission with the sole aim of producing disease-free, good quality seedlings for the benefit of the coconut farmers in the village.
- Around sixty disease free mother palms with a minimum yield of 100 nuts/tree/annum were identified for seed nut collection.
- Witnessing great success of the programme, Bharanikavu Block panchayat has sanctioned a plan project with 9.00 lakh rupees christened as *Kera nanma* for sustaining seedling production campaign in three more villages *viz.*, Bharanikkavu, Vallikunnam and Chunnakara.

Scientists associated: Dr. P. Anithakumari, Dr. V. Krishnakumar, Dr. A. Joseph Rajkumar, Dr. M. Shareefa, Dr. S. Indhuja

Compiled by: Josephrajkumar A., Chandrika Mohan, Merin Babu, Anes K.M., Krishnakumar V.
ICAR-CPCRI Regional Station Kayamkulam

Published by:
Dr. Anitha Karun
Director, ICAR-CPCRI
Kasaragod

2019 July 16
Photo: E.R. Asokan

ഐസിഎആർ – കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം

CPCRI

കാസർഗോഡ് – 671 124, കേരള

www.cpcri.gov.in Tel: 04994 232893/94/95

Email: director.cpcri@icar.gov.in

എന്റെ ഗ്രാമം എന്റെ അഭിമാനം • വിജയ കഥകൾ, കായംകുളം 2018 – 19

തെങ്ങും ഇടവിളകളും മീനും..... ആലപ്പുഴയ്ക്കനുയോജ്യമായ സംയോജിത കൃഷി

സാങ്കേതിക ഇടപെടലുകൾ

ചേർത്തല തെക്കുള്ള ആയിഷ ബായിയുടെ ഒരു ഹെക്ടർ വിസ്തൃതിയുള്ള തെങ്ങിൻ പുരിയിടത്തിൽ കാലാവസ്ഥയ്ക്കനുയോജ്യമായ ഹ്രസ്വകാല ഇടവിളകളായ ഇഞ്ചിയും, മഞ്ഞളും, കിഴങ്ങുവർഗ്ഗങ്ങളും ശാസ്ത്രീയമായി കൃഷിചെയ്തു. ഇതോടൊപ്പം 15 സെന്റ് സ്ഥലത്ത് തിലാപ്പിയ മത്സ്യകൃഷിയും ആരംഭിച്ചു. കാറ്റുവീഴ്ച രോഗപ്രതിരോധശേഷിയുള്ള സങ്കരയിനമായ കല്പസങ്കരയുടെ 20 തൈകൾ കൂടി തോട്ടത്തിൽ നട്ടു. കൃഷിയിടത്തിൽ നിന്നും ലഭ്യമായ ജൈവാവശിഷ്ടങ്ങളുപയോഗിച്ചുള്ള കമ്പോസ്റ്റ് നിർമ്മാണം, മിത്രജീവാണു സമ്പുഷ്ടീകരണ ട്രൈക്കോഡെർമ്മ കേക്ക് നിർമ്മാണം എന്നിവയിൽ ഗവേഷണ സ്ഥാപനം പരിശീലനം നൽകി. തെങ്ങധിഷ്ഠിത കൃഷി സമ്പ്രദായത്തിൽ നിന്നും ഇരട്ടി വരുമാനം ലഭ്യമാക്കണമെന്ന് ലക്ഷ്യമുള്ള കേര കർഷകക്കൊരുത്തമ മാതൃകയാണ് തോട്ടം.

പരിണിത ഫലങ്ങൾ/നേട്ടങ്ങൾ

ട്രൈക്കോഡെർമ്മ സമ്പുഷ്ടീകരിച്ച ജൈവവളങ്ങൾ ഉപയോഗിച്ചുള്ള പച്ചമുളക് കൃഷിക്ക് വാടൽ രോഗത്തിൽ നിന്നും പൂർണ്ണ സംരക്ഷണം ലഭിച്ചു. നേരിയതോതിൽ വെള്ളക്കെട്ടിനെ പ്രതിരോധിക്കാനുള്ള ശേഷിയും മിത്രജീവാണുക്കൾ നൽകി. തത്ഫലമായി അധിക വിളവും വരുമാന വർദ്ധനവും ലഭിച്ചു.

വിളാവശിഷ്ടങ്ങൾ കോഴിക്കാഷ്ഠം, ചണകം എന്നിവയുടെ പുനഃചംക്രമണം മണ്ണിന്റെ ആരോഗ്യവും ഫലഭൂയിഷ്ഠതയും വർദ്ധിപ്പിച്ചതോടൊപ്പം അധിക വരുമാനവും നേടിക്കൊടുത്തു.

മുപ്പതിനായിരം രൂപ മുതൽമുടക്കിയിറക്കിയ മത്സ്യകൃഷിയിൽ നിന്നും 10 മാസം കൊണ്ട് 1,20,000 രൂപ ലഭിച്ചു. ഉത്പാദനോപാധികൾ ശാസ്ത്രീയമായി കൃത്യസമയത്ത് ഉപയോഗിച്ചതിലൂടെ വിളകളുടെ രോഗകീടബാധ കുറയുകയും വരുമാനം വർദ്ധിക്കുകയും ചെയ്തു.

ചക്കയെ പൊന്നാക്കും വനിതാകർഷകർ

സാങ്കേതിക ഇടപെടലുകൾ

കണ്ടല്ലൂരിലെ വനിതാകർഷകർക്ക് ചക്കയുടെ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ വിപണിമൂല്യം സംരംഭകത്വ സാദ്ധ്യതകൾ എന്നിവയുടെ പ്രാഥമിക ബോധവൽക്കരണം നൽകി. തോട്ടങ്ങളിൽ പാഴാക്കികളയുന്ന പോഷകമൂല്യമുള്ള ചക്കയിൽനിന്നും സ്വാദിഷ്ഠമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സാങ്കേതികവിദ്യകളുടെ പ്രായോഗിക പരിശീലനം കായംകുളം കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ സഹായത്തോടെ നൽകി. കൃഷിയിടങ്ങളിൽ സുലഭമായുള്ള ചക്കയിൽനിന്നും ഗുണമേന്മയുള്ള ഭക്ഷ്യവിഭവങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിലൂടെ ഗ്രാമീണമേഖലയിലുള്ള വനിതകൾക്ക് അധികവരുമാനത്തിനുള്ള അവസരം കൂടിയാണ് ഉറപ്പാക്കിയത്.

പരിണിത ഫലങ്ങൾ/നേട്ടങ്ങൾ

- കൃഷിയിടങ്ങളിൽ പാഴാക്കിക്കളയാറുള്ള വസ്തുക്കളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കാം എന്ന അവബോധം വളർത്തിടെയുത്തു.
- കൃഷിയും ചെറുകിട സംരംഭങ്ങളും സംയോജിപ്പിക്കുന്നതിലൂടെ കൈവരിക്കാവുന്ന അധികലാഭം കർഷകർക്ക് മനസ്സിലാക്കാൻ സഹായിച്ചു.
- വരുമാനവർദ്ധനവും സ്ത്രീ ശാക്തീകരണവും സാധ്യമായി.

അമ്മതെങ്ങിന്റെ സ്വന്തം കേരനന്മ – ഇത് ഭരണിക്കാവിന്റെ അഭിമാനം

സാങ്കേതിക ഇടപെടലുകൾ

ഗവേഷണ സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെ ഭരണിക്കാവ് പഞ്ചായത്തിലെ കർഷകർ ആരോഗ്യമുള്ള മാതൃവൃക്ഷങ്ങളെ തെരഞ്ഞെടുത്തു. കാറ്റുവീഴ്ച രോഗബാധിത പ്രദേശങ്ങളിലേക്ക് ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കർഷകർക്ക് വിത്ത് തേങ്ങ സംഭരണം, നഴ്സറി ഒരുക്കൽ/പരിപാലനം, തൈഉൽപ്പാദനം എന്നിവയിൽ സാങ്കേതിക പരിശീലനം നൽകി.

പരിണിതഫലങ്ങൾ/നേട്ടങ്ങൾ

- കർഷക പങ്കാളിത്തത്തോടെ സാമൂഹികാടിസ്ഥാനത്തിലുള്ള വികേന്ദ്രീകൃത തെങ്ങിൻതൈ ഉൽപ്പാദനം വഴി ഗുണമേന്മയുള്ള തൈകൾ പ്രദേശികാടിസ്ഥാനത്തിൽ ലഭ്യമാക്കി.
- വിത്തുതേങ്ങ സംഭരണത്തിനായി പ്രതിവർഷം നൂറിൽ കൂടുതൽ നാളികേരം നൽകുന്ന 60 മാതൃവൃക്ഷങ്ങളെ (അമ്മതെങ്ങ്) തെരഞ്ഞെടുത്തു.
- പദ്ധതിയുടെ വിജയവും പ്രസക്തിയും ആവശ്യകതയും കർഷകപ്രീതിയും കണക്കിലെടുത്ത് ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ 9 ലക്ഷം രൂപയുടെ "കേരനന്മ" പദ്ധതി ഭരണിക്കാവ്, വള്ളികുന്നം, ചുനക്കര പഞ്ചായത്തുകളിൽ നടന്നുവരുന്നു.

Compiled by: Josephrajkumar A., Chandrika Mohan, Merin Babu, Anes K.M., Krishnakumar V.
ICAR-CPCRI Regional Station Kayamkulam

Published by: Dr. Anitha Karun, Director, ICAR-CPCRI, Kasaragod

2019 July 16
Photo: E.R. Asokan